**കേരള സർക്കാർ**

**സംഗ്രഹം**

കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് - സ്ഥിര നിക്ഷേപങ്ങൾക്കുള്ള സർക്കാർ ഗ്യാരന്റി പരിധി - 2000 കോടി രൂപയിൽ നിന്നും 4500 കോടി രൂപയായി ഉയർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (എ) വകുപ്പ്

**സ.ഉ.(കൈ) നം./20/2018/ഗതാഗതം** തീയതി, തിരുവനന്തപുരം, 28/03/2018

പരാമർശം:- 1. GO(Ms) No.12/2014/Tran dated 14.02.2014

2. GO(Rt) No.130/2018/TRANS dated 27.03.2018

3. കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നമ്പർ.KTDFC/Fin.2/5118/17-18 തീയതി 27.03.2018 എന്ന കത്ത്

**ഉത്തരവ്**

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് ന്റെ സ്ഥിര നിക്ഷേപങ്ങൾക്കുള്ള സർക്കാർ ഗ്യാരന്റിയുടെ മേൽപരിധി 2000 കോടി രൂപയായി ഉയർത്തിയിരുന്നു.

2. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് വായ്പ ലഭ്യമാക്കുവാനായി രൂപീകരിക്കുന്ന ബാങ്കുകളുടെ കൺസോർഷ്യത്തിൽ പങ്കു ചേരാൻ പരാമർശം 2 ലെ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ, നിക്ഷേപം സ്വരുക്കൂട്ടുന്നതിനായി കൂടുതൽ ഫണ്ട് ആവശ്യമാണെന്നും, ആയതിനാൽ നിക്ഷേപം സ്വീകരിക്കുന്നതിനായുള്ള കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് യിലെ സർക്കാർ ഗ്യാരന്റി ലിമിറ്റ് 2000 കോടി രൂപയിൽ നിന്നും 4500 കോടി രൂപയായി ഉയർത്തുവാൻ കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം 3 ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കേരള ട്രാൻസ്പ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് ന്റെ സ്ഥിര നിക്ഷേപങ്ങൾക്കുള്ള നിലവിലുള്ള സർക്കാർ ഗ്യാരന്റി പരിധി, 2000 (രണ്ടായിരം) കോടി രൂപയിൽ നിന്നും 4500 (നാലായിരത്തിഅഞ്ഞൂറ്) കോടി രൂപയായി ഉയർത്തുന്നതിന് സാധാരണ ഗ്യാരന്റി വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നു. ഗ്യാരന്റി വ്യവസ്ഥകൾ ചുവടേ ചേർക്കുന്നു.

**ഗ്യാരന്റി വ്യവസ്ഥകൾ**

1. ഗ്യാരണ്ടി ആക്റ്റ് പ്രകാരവും 16.10.2004 ലെ. ജി.ഒ. (എം.എസ്) 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരന്റി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

2. 16.10.2004 ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.

3. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരന്റി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16/08/2007-ാം തിയതിയിലെ 66/2007-ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരന്റി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരന്റി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്

4. ഉടമ്പടി ഒപ്പ് വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരന്റി കമ്മീഷൻ തുക കേരള ട്രാൻസ്പ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേൻ മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

5. ഗ്യാരന്റി ആക്റ്റ് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരന്റി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരന്റി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.

6. ഗ്യാരന്റി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരന്റിയുടെ തീയതി, ഗ്യാരന്റി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരന്റി നൽകുന്നത്, കെ.സി.ജി.ജി ആക്റ്റ്, 2003 (Amendment Act 2015) പ്രകാരമുള്ള സീലിംഗ് ലിമിറ്റ് എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

7. ധനകാര്യ(പി.എ.സി-ബി) വകുപ്പിലെ 29-05-2017-ാം തിയതിയിലെ സർക്കുലർ നം.42/17-ധന പ്രകാരം ഓഡിറ്റഡ് അക്കൗണ്ട്സ് ക്ളിയറൻസ് നടത്തിയതിന്റെ റിപ്പോർട്ടു കൂടി എല്ലാ വർഷവും സമർപ്പിക്കേണ്ടതാണ്. കൂടാതെ ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ GIMS

File No.TRANS-A1/155/2018-TRANS

(Guarantee Information Management system) പോർട്ടലിൽ കമ്പനിയുടെ login-id ഉപയോഗിച്ച് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആർ.ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (പി.യു-ബി) വകുപ്പ് (പി.യു-ബി3/49/2018-ധന തീയതി 28.03.2018 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്

Validity unknown
Digitally signed by
ROYCHEN THOMAS
Date: 2018.03.28
16:05:49 IST
Reason: Approved